I ഇ.ബി. XIII- കേരള നിയമസഭ/VIII-3

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 19, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുമോദനം**

സുഗതകുമാരി ടീച്ചർക്ക് സരസ്വതി സമ്മാനം

ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരമായ "സരസ്വതി സമ്മാനം" ലഭിച്ച മലയാള കവയിത്രി ശ്രീമതി സുഗതകുമാരി ടീച്ചറെ കേരള നിയമസഭയ്ക്കുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ അനുമോദിച്ചു.

## അടിയന്തര പ്രമേയം

## റൂളിംഗ്

### അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം സംബന്ധിച്ച്

മി. സ്പീക്കർ: പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും അടിയന്തരപ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്ന് മുൻകാല സ്പീക്കർമാർ റൂളിംഗ് നൽകിയിട്ടുണ്ട്. ഇത്തരം കീഴ്‌വഴക്കങ്ങൾ തെറ്റിക്കാൻ പാടില്ലാത്തതാണ്. പത്രവാർത്തയുടെയും പത്രസമ്മേളനത്തിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്നൊരു വിഷയമാണ് ഇന്ന് അടിയന്തര പ്രമേയമായി വന്നിരിക്കുന്നത്. ഇതുസംബന്ധിച്ച് മറുപടി നൽകാൻ മുഖ്യമന്ത്രി തയ്യാറായ സ്ഥിതിക്ക് ഈ നോട്ടീസ് പരിഗണിക്കാം.

### ഗാർഹിക പീഡനം

മി. സ്പീക്കർ: ഗാർഹിക പീഡനത്തിനിരയായതായി പറയപ്പെടുന്ന മന്ത്രിപത്നിയുടെ പരാതി നിരസിച്ച മുഖ്യമന്ത്രിയുടെ നടപടിമൂലം ഗാർഹിക പീഡന കേസുകളിൽ നീതി തേടുന്നവരുൾപ്പെടെ ജനങ്ങളിലാകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ്കുമാർ, വി.എസ്. സുനിൽകുമാർ, സി.കെ.നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നോട്ടീസിനാധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യ രണ്ടുപ്രാവശ്യം എന്നെ വന്ന് നേരിട്ട് കാണുകയും അവരുടെ കുടുംബത്തിലെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പരാതി തരികയോ നടപടിയെടുക്കത്തക്കവിധത്തിലുള്ള പരാതി പറയുകയോ ചെയ്തിട്ടില്ല.

ശ്രീ. എ. പ്രദീപ് കുമാർ: ഒരു മന്ത്രിയെ മന്ത്രിമന്ദിരത്തിൽ കയറി അടിച്ചുവെന്ന് 2013 മാർച്ച് മാസം 3–ാം തീയതി മംഗളം ദിനപത്രത്തിൽ വാർത്ത വന്നതിനെത്തുടർന്ന് അടിയേറ്റത് വനം വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനാണെന്നും മറ്റ് മന്ത്രിമാരെക്കുറിച്ച് സംശയം ഇല്ലാതിരിക്കാനാണ് ഇത് പറഞ്ഞതെന്നും തൊട്ടടുത്ത ദിവസം കോട്ടയത്ത് നടത്തിയ പത്ര സമ്മേളനത്തിൽ ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറയുകയുണ്ടായി. മന്ത്രിയുടെ ഭാര്യ മുഖ്യമന്ത്രിക്ക് നൽകിയ പരാതി മുഖ്യമന്ത്രി മുക്കിയെന്ന് പറഞ്ഞതും മന്ത്രിക്ക് തുല്യമായ ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ചീഫ് വിപ്പാണ്. ഒരു മന്ത്രിയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെങ്കിൽ ഇത്തരം ഗുരുതരമായ ആരോപണം ഉന്നയിച്ച ചീഫ് വിപ്പിനെതിരെ നടപടി സ്വീകരിക്കണം. മന്ത്രിയുടെ ഭാര്യയുടെ പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചുവെന്ന് ചീഫ് വിപ്പ് പറഞ്ഞത് ശരിയാണെങ്കിൽ അത് ഒതുക്കി തീർക്കാൻ ശ്രമിച്ച മുഖ്യമന്ത്രി ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം ക്രിമിനൽ കുറ്റമാണ് ചെയ്തിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിനെ കേന്ദ്രീകരിച്ച ചില കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ശ്രീ. ഗണേഷ് കുമാറിന്റെ ഭാര്യ ഡോ. യാമിനി തങ്കച്ചി പരാതി തന്നില്ലെന്നുമാത്രമല്ല, നടപടി എടുക്കത്തക്ക വിധത്തിലുള്ള പരാതി പറഞ്ഞിട്ടുമില്ല. പത്രവാർത്തയിൽ വന്ന രീതിയിലുള്ള സംഭവം ശ്രീ. ഗണേഷ് കുമാറിന്റെ വീട്ടിൽ നടന്നിട്ടില്ല. ഇതുപോലുള്ള പ്രശ്നങ്ങൾ അടിയന്തര പ്രമേയമായി കൊണ്ടുവരുന്നത് ശരിയല്ല. ഈ വിഷയം അടിയന്തര പ്രമേയമായി കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നോ എന്ന് പ്രതിപക്ഷം ചിന്തിക്കേണ്ടതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) <u>ശുദ്ധജല സംഭരണ വിതരണ പദ്ധതി</u>

<u>ശ്രീ. കെ. മുരളീധരൻ</u>: പത്ത് ലക്ഷത്തിലധികം ആളുകൾ അധിവസിക്കുന്ന തലസ്ഥാന നഗരിയിലേയ്ക്ക് അരുവിക്കരയിലെ ജലസംഭരണി

യിൽനിന്നുമുള്ള മെയിൻ ലൈൻ മുഖേനയാണ് വെള്ളമെത്തിക്കുന്നത്. പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ചെറിയ പൊട്ടൽപോലും നഗരത്തിലെ ജനജീവിതം നിശ്ചലമാക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയണം. ജൻറം, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവ പ്രകാരം സ്ഥാപിച്ച പൈപ്പ്ലൈനുകൾ പൂർണ്ണമായി ഇന്റർ കണക്ട് ചെയ്യാൻ സാധിച്ചിട്ടില്ല. ശുദ്ധജല തടാകങ്ങൾ, നദികൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കുകയും മഴവെള്ള സംഭരണം കാര്യക്ഷമമാക്കുകയും ചെയ്യണം. ജലവിതരണ സംവിധാനം സോണുകളായി തിരിച്ച് സംഭരണ വിതരണ രംഗം സ്വയംപര്യാപ്തമാക്കണം. ജലവിതരണം നടത്തുന്നതിനായി അരുവിക്കരയിൽനിന്നും അയൺ പൈപ്പ് സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്തണം. നിലവിലുള്ള പദ്ധതിയുടെ പൈപ്പ് ഇടൽ, ഇന്റർ കണക്ഷൻ പണികൾ എന്നിവ എത്രയും വേഗം പൂർത്തിയാക്കി ജലവിതരണം കാര്യക്ഷമമാക്കണം. അരുവിക്കര, പേപ്പാറ ഡാമുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഭാവിയിലെ ആവശ്യം മുൻകൂട്ടികണ്ടുകൊണ്ട് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുകയും സംഭരണ വിതരണ സംവിധാനങ്ങൾ വികേന്ദ്രീകരിച്ച് സ്വയംപര്യാപ്തമാക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 1933-ൽ തുടങ്ങിയ വില്ലിംഗ്ടൺ വാട്ടർ വർക്ക്സ് പദ്ധതിക്കുപുറമെ പേപ്പാറ ഡാമിലെ ജലം അരുവിക്കരയിൽ എത്തിച്ച് അവിടെനിന്ന് പമ്പ് ചെയ്ത് ശുദ്ധീകരിച്ച് നാല് ലൈനുകളിലൂടെയാണ് തിരുവനന്തപുരം നഗരത്തിലേയ്ക്ക് ജല വിതരണം നടത്തുന്നത്. 1200 എം.എം. കോൺക്രീറ്റ് പൈപ്പിൽ നിരന്തരം പൊട്ടൽ

ഉണ്ടാകുന്നതിനാൽ പൈപ്പ് ലൈൻ മാറ്റി പകരം എം.എസ്. പൈപ്പ് ഇടുന്ന പ്രവൃത്തി ജൂൺ മാസം അവസാനത്തോടെ പൂർത്തീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ധനസഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ പ്രയോജനം വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, ശ്രീകാര്യം ഉൾപ്പെടെയുള്ള പഞ്ചായത്തുകൾക്കുകൂടി ലഭിക്കുന്നതാണ്. അരുവിക്കര, വെള്ളയമ്പലം എന്നിവിടങ്ങിലെ ശുദ്ധീകരണശാലകൾക്കുപുറമെ അരുവിക്കരയിൽ JICA പദ്ധതിയുടെ ഭാഗമായി 74 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയും പ്രവർത്തിക്കുന്നുണ്ടെങ്കിലും 67 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണ ശാല കൂടി പണിയേണ്ടതുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ JICA പദ്ധതിയിൽ ടെന്റർ ചെയ്യുകയും ശുദ്ധജല വിതരണ പദ്ധതിയുടെ കാലപ്പഴക്കമുള്ള പൈപ്പ്ലൈനുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്ന തുമാണ്. കരമന, വാമനപുരം, വെള്ളായണി തടാകം എന്നിവിടങ്ങളിലെ ജലം ഉപയോഗപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്തി കല്ലിയൂർ, വെങ്ങാനൂർ, കോവളം, വിഴിഞ്ഞം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അരുവിക്കരയിൽനിന്നും തിരുമല, നെട്ടയം, ഐരാണിമുട്ടം വഴി നെല്ലിയോട് വരെ പുതിയ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുകയും അടിയന്തിര സാഹചര്യം നേരിടുന്നതിന് തിരുമല ഒബ്സർവേറ്ററി ലൈൻ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. JICA പദ്ധതി പ്രകാരം പുന:ക്രമീകരിച്ച് മൺവിള, പൗഡിക്കോണം, പേരൂർക്കട, തിരുമല, വട്ടിയൂർക്കാവ് എന്നീ സോണുകളിലായി 11 പുതിയ സംഭരണികൾ പണിത്

ജലവിതരണം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജൻറം പദ്ധതിയിൻകീഴിൽ പത്ത് പാക്കേജുകളിലായി 651 കി.മി. പി.വി.സി.-ഡി.ഐ. പൈപ്പുകളും വിതരണ ശൃംഖലയും പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുകയും 2013 ഡിസംബർ മാസത്തോടെ ശേഷിക്കുന്ന പൈപ്പ് ലൈനുകൾകൂടി സ്ഥാപിക്കുന്നതും ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമാണ്. പേപ്പാറ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന വൈൽഡ് ലൈഫ് ബോർഡ് ശുപാർശ കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിക്കുകയും ഭാവിയിലെ ആവശ്യം കണക്കിലെടുത്ത് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതുമാണ്.

## (2) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: എൻഡോൾഫാൻ പ്രയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ 20484 പേരെ പരിശോധിച്ചതിൽ 4182 പേർ രോഗബാധിതരാണെന്ന് കണ്ടെത്തി അവർക്കാവശ്യമായ സഹായങ്ങൾ നിർദ്ദേശിച്ചെങ്കിലും അവയൊന്നും നടപ്പിലായിട്ടില്ല. അംഗവൈകല്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും സഹായധനം നൽകുന്ന കാര്യത്തിൽ സർക്കാർ നൽകിയ ഉറപ്പ് പാലിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നൽകുന്ന അവസരത്തിൽ 11 പഞ്ചായത്തുകളായിരുന്നു ഇതിന്റെ പരിധിയിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ ജില്ലയിലെ 27 പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും എൻഡോസൾഫാൻ ബാധിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ

ശുപാർശകൾ അടിയന്തരമായി നടപ്പിലാക്കാനും നഷ്ടപരിഹാരം കണക്കാക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി ട്രൈബ്യൂണലുകൾ സ്ഥാപിക്കണം. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ അഞ്ച് വർഷം കൊണ്ട് നിർത്തിവയ്ക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണം. അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽപ്പെടുത്തി ചികിത്സാ സഹായം നൽകാനും ആവശ്യമായ ചികിത്സാ സംവിധാനങ്ങൾ ജില്ലയിൽത്തന്നെ ഏർപ്പെടുത്താനും ദുരിതബാധിതരുടെ കടങ്ങൾ ഒഴിവാക്കാനും ശാസ്ത്രീയ പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിക്കാനും ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന എൻഡോ സൾഫാൻ നിർവീര്യമാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി 21.03.2013-ന് ഒരു അടിയന്തര യോഗവും 25.03.2013-ന് ജില്ലയിലെ എം.എൽ.എ.മാർ, എം.പി.മാർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ വിപുലമായ യോഗവും വിളിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ അഞ്ച് വർഷം കൊണ്ട് നിർത്തിവയ്ക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കാം. 4182 രോഗബാധിതരുള്ളതിൽ 1613 പേർക്ക് ആവശ്യമായ സഹായങ്ങൾ നൽകിയിട്ടുണ്ട്. മൂന്ന് മെഡിക്കൽ കോളേജുകളടക്കം പന്ത്രണ്ട് ആശുപത്രികളിൽ സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. 11 ഗ്രാമപഞ്ചായത്തുകളിലും കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് ചികിത്സ നടത്തുന്നതിനായി മൊബൈൽ മെഡിക്കൽ ടീമും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും

ഏർപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നുണ്ട്. രോഗബാധിതരെ ആശുപത്രിയിൽ എത്തിക്കുന്നതിനുവേണ്ടി പ്രത്യേക വാഹന സൗകര്യവും സ്റ്റാഫ് നഴ്സ്, സൂപ്പർവൈസർ, ജെ.എച്ച്.ഐ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ദുരിതബാധിതർക്കെല്ലാം സൗജന്യ റേഷനും പ്രതിമാസ പെൻഷനും വിതരണം ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട്. ഇവരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ട്രേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെയും നോഡൽ ഓഫീസറെയും നിയമിച്ചു. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ്, ആർ.ഐ.ഡി.എഫ് സഹായത്തോടെ 122 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## സബ്മിഷൻ

### (1) <u>ഫയലുകൾ കത്തി നശിച്ച സംഭവം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): മൂന്നാർ ഭൂമികയ്യേറ്റവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും ചെല്ലാൻ രജിസ്റ്ററുകളും ഉടുമ്പൻചോല താലൂക്ക് ആഫീസിൽ തീകത്തിച്ച് നശിപ്പിച്ച സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തണം. ആരോപണവിധേയ രായ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഇപ്പോഴത്തെ ദൗത്യസംഘത്തെ പിരിച്ചുവിട്ട് മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കാൻ സമഗ്രമായ കർമ്മ പദ്ധതി തയ്യാറാക്കണം.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം മൂന്നാർ മേഖല സന്ദർശിച്ച് ഭൂമികയ്യേറ്റം വിലയിരുത്തണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റും ദേവികുളം താലൂക്ക് ആഫീസിലാണ് സൂക്ഷിച്ചിട്ടുള്ളത്. കത്തിച്ചു കളഞ്ഞത് 2004–ലെ ലോകസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടിംഗ് മെഷീനുകൾ കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകളും വോട്ടിംഗ് കമ്പാർട്ടുമെന്റുകളും ഇലക്ഷനുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട ഇതരപേപ്പറുകളും ദിവസേന ആഫീസ് മുറികളും പരിസരങ്ങളും വൃത്തിയാക്കുമ്പോൾ കിട്ടുന്ന ഉപയോഗശൂന്യമായ പേപ്പറുകളുമാണ്. ഈ വിഷയം സംബന്ധിച്ച് കളക്ടറും ദേവികുളം ആർ.ഡി.ഒ.യും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പുതിയതായി പണി തീർത്ത നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് താലൂക്ക് ആഫീസ് മാറ്റുന്നതിന്റെ ഭാഗമായിട്ടാണ് വേസ്റ്റ് പേപ്പറുകൾ കത്തിച്ചത്.

## (2) കന്നട ഭാഷാപരിജ്ഞാനമുള്ളവരുടെ ആശങ്ക

ശ്രീ. എൻ.എ.നെല്ലിക്കുന്ന്: സർക്കാർ ജോലിക്ക് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും പി.എസ്.സി.യുടെയും തീരുമാനം കാസർഗോട്ടെ ഭാഷാ ന്യൂനപക്ഷങ്ങളിൽ ആശങ്ക പടർത്തിയിരിക്കുന്നതിനാൽ മലയാള ഭാഷ നിർബന്ധമാക്കുമ്പോൾ കന്നട ഭാഷാന്യൂനപക്ഷത്തിന് പ്രത്യേക പരിഗണന നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മുഖ്യമന്ത്രിയുടെ 100 ഇന കർമ്മ പരിപാടിയുടെ ഭാഗമായി ഔദ്യോഗിക ഭാഷാ വകുപ്പിൽനിന്ന് നിർദ്ദേശിക്കപ്പെട്ടതാണ്. ഔദ്യോഗിക ഭാഷാ വ്യാപനം. ഇതുമൂലം ഭാഷാന്യൂനപക്ഷങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. മറ്റ് സംസ്ഥാനങ്ങളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന പ്രത്യേകമായ പരിഗണനയും പരിശോധിക്കുന്നതായിരിക്കും.

## (3) തയ്യൽ തൊഴിലാളി ക്ഷേമനിധി ആഫീസ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ തയ്യൽ തൊഴിലാളികൾക്കുവേണ്ടി കാഞ്ഞങ്ങാട്ട് ഒരു ക്ഷേമനിധി ആഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): കാഞ്ഞങ്ങാട്ട് ക്ഷേമനിധി ബോർഡിന്റെ ഓഫീസ് തുടങ്ങാനുള്ള ഉത്തരവിറക്കുകയും കാഞ്ഞങ്ങാട് നിന്നും മൂന്നര കിലോമീറ്റർ അകലെയുള്ള സ്റ്റേറ്റ് കോവിൽപ്പള്ളി എന്ന സ്ഥലത്ത് ഓഫീസിന് കെട്ടിടം വാടകയ്ക്ക് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നൂറു ശതമാനം കമ്പ്യൂട്ടറൈസ് ചെയ്ത് ഒരു ഓഫീസിൽ പരമാവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിപ്പിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുവരിക എന്നത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

## (4) കൃഷി പാക്കേജും കർഷകർക്ക് നഷ്ടപരിഹാരവും

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലയ്ക്ക് പറമ്പിക്കുളം ആളിയാർ നദീജല കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനും കൃഷി

നശിച്ചവർക്ക് ഡോ.എം.എസ്.സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ചപ്രകാരമുള്ള നഷ്ടപരിഹാരത്തുക നൽകാനും നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): വരൾച്ച നേരിടുന്നതിനായി ചേർന്ന പ്രത്യേക ക്യാബിനറ്റ് യോഗം എല്ലാ കാർഷിക വായ്പകൾക്കും ഒരുവർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കാനും ജപ്തി നടപടികൾ ഒഴിവാക്കി വായ്പകൾ പുനഃക്രമീകരിക്കുവാനും തീരുമാനിച്ചു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്നും 85 കോടി രൂപ അനുവദിക്കുകയും കുടിവെള്ള വിതരണം, താൽക്കാലിക തടയണ നിർമ്മാണം, കുഴൽക്കിണർ നിർമ്മാണം എന്നിവയ്ക്ക് അതാത് വകുപ്പുകളിൽനിന്നും അനുമതി നൽകുവാൻ തീരുമാനിച്ച് ഫണ്ട് അനുവദിക്കുകയും ചെയ്തു. കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷുറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സാമ്പത്തിക സഹായം നൽകുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രവർത്തനങ്ങൾക്കായി 5 കോടി 26 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 25000 കർഷകർക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

## (5) സമ്പൂർണ്ണ ഭവന പദ്ധതി

ശ്രീ. റ്റി. എൻ. പ്രതാപൻ: തീരദേശ ജില്ലകളിൽ അടിയന്തിരമായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാനും മുൻകാലങ്ങളിൽ ചെറിയ ഭവന നിർമ്മാണ വായ്പകൾ കിട്ടിയവർക്കുകൂടി പുതുക്കിയ ഭവന വായ്പ ലഭ്യമാക്കുന്നതിനും മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ വ്യാപകമാക്കാനും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത മാതൃകാ മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അടുത്ത ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിക്കാനും ഭവന നിർമ്മാണ വായ്പയ്ക്കുള്ള രണ്ടാം ഗഡു കൊടുക്കാനും നടപടിയുണ്ടാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരളത്തിൽ മാതൃകാ മത്സ്യ ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽനിന്ന് 140 കോടിയോളം രൂപ ഭവന നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുകയാണ്. തീരദേശ വികസന കോർപ്പറേഷൻ 150 കോടി രൂപ വായ്പയെടുത്ത് 6000 വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. ഈ സാമ്പത്തിക വർഷം 800 വീടുകൾ ഇതിനകം നൽകിയിട്ടുണ്ട്. ഇതു കൂടാതെ 10 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനും 5 കോടി രൂപ വീടുകളുടെ റിപ്പെയറിംഗിനും അനുവദിച്ചിട്ടുണ്ട്. സ്വന്തമായി ടോയ്ലെറ്റുകളില്ലാത്തവർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 1000 ടോയ്ലെറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഈ വർഷം

3000 ടോയ്ലെറ്റുകൾ നിർമ്മിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷം 25 മത്സ്യഗ്രാമങ്ങൾ സംയോജിത മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കാനായി നൽകിയ 2 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതികൾ അതാത് പഞ്ചായത്ത് കമ്മിറ്റിയും എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് നടപ്പാക്കുന്നതുമാണ്.

## (6) കാളിപ്പാറ ശുദ്ധജല പദ്ധതി

ശ്രീ. എ.റ്റി. ജോർജ്: കാളിപ്പാറ ശുദ്ധജല പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കാളിപ്പാറയിൽ 36 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല പൂർത്തിയായിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി 4 കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാളിപ്പാറയിലെ ജലസംഭരണി, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയാക്കുകയും ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പണികൾ പൂർത്തീകരിച്ചുവരികയുമാണ്.

## (7) ഒ.വി. വിജയന്റെ പ്രതിമ

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: കോട്ടയ്ക്കൽ ഗവൺമെന്റ് രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ പ്രശസ്ത സാഹിത്യകാരൻ

ഒ.വി. വിജയന്റെ പ്രതിമയും സ്മൃതിവനവും തകർത്തവരെ കണ്ടെത്തി ശിക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒ.വി. വിജയന്റെ പ്രതിമ തകർത്തവരെ കണ്ടെത്തുന്നതിന് കോട്ടയ്ക്കൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അവിടെ വീണ്ടും ആ പ്രതിമ അനാച്ഛാദനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) സനൽരാജിന്റെ മരണം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായിരുന്ന സനൽരാജിന്റെ മരണത്തിനിടയാക്കിയ സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 25-05-2013-ന് അയണിക്കാട് എന്ന സ്ഥലത്ത് റെയിൽവേ ട്രാക്കിൽ ട്രെയിൻ തട്ടി സനൽരാജ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണത്തിൽ ദുരൂഹതയുണ്ടെന്നാരോപിച്ച് ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 15-03-2013-ന് കോഴിക്കോട് റൂറൽ ക്രൈം ഡിറ്റാച്ചുമെന്റ് ഡിവൈ.എസ്.പി.ക്ക്. കേസന്വേഷണം കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്.

## (9) <u>ട്രാഫിക് പരിഷ്കരണം</u>

<u>ശ്രീമതി ഗീതാ ഗോപി:</u> തൃശ്ശൂർ നഗരത്തിൽ നടപ്പാക്കിയിരിക്കുന്ന അശാസ്ത്രീയ ട്രാഫിക് പരിഷ്കരണംമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): 15–12–2012–ൽ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ നടന്ന പ്രത്യേക യോഗത്തിൽ തൃശ്ശൂർ നഗരത്തിൽ ഏർപ്പെടുത്തിയ ട്രാഫിക് പരിഷ്ക്കരണം സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. തൃശ്ശൂർ–തൃപ്രയാർ റൂട്ട് മാറ്റിയതിൽ യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സിറ്റി ബസ് സർവ്വീസ് തുടങ്ങണമെന്ന ആലോചന സജീവ പരിഗണനയിലാണ്. നിയമപ്രകാരം പോലീസ് കൈക്കൊണ്ട നടപടികൾ പൊതുജനങ്ങളും ജനപ്രതിനിധികളും സ്വീകരിച്ചുവെന്ന റിപ്പോർട്ടുകളാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്. അപകടങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങളുടെ അസൗകര്യങ്ങൾ പരിഹരിക്കുന്നതിനുമുതകുന്ന തരത്തിൽ തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.മാരുടെയും മറ്റ് ജനപ്രതിനിധികളുടേയും പൊതുവികാരത്തിനനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## (10) <u>ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. വി. റ്റി. ബൽറാം:</u> തൃത്താല – പടിഞ്ഞാറങ്ങാടി കേന്ദ്രമായി ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തൃത്താല നിയോജകമണ്ഡലത്തിലെ പടിഞ്ഞാറങ്ങാടിയിൽ ആവശ്യത്തിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ മുൻഗണന പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (11) വാഹനപരിശോധനയുടെ ഫലമായുള്ള അപകടങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: വാഹന പരിശോധനമൂലം സംസ്ഥാന ത്തുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനും ആധുനികരീതിയിലുള്ള വാഹന പരിശോധനാ സംവിധാനമേർപ്പെടുത്താനുമാവശ്യമായ നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പെട്രോൾ പമ്പുകളിൽ ഹെൽമറ്റ് ഉള്ള വർക്ക് മാത്രമേ പെട്രോൾ കൊടുക്കൂവെന്ന നിബന്ധന കേരളത്തിൽ നടപ്പാ ക്കാനാകുമോയെന്നതും ഒളിഞ്ഞിരുന്ന് വാഹന പരിശോധന നടത്തുന്നതി നുപകരം ക്യാമറ വച്ച് കുറ്റക്കാരെ കണ്ടെത്തുന്നതിന് സാധിക്കുമോ യെന്നതിനെപ്പറ്റിയും ആലോചിക്കുന്നതാണ്. ജനങ്ങളുടെ സുരക്ഷ, നിയമസ മാധാനപാലനം ഇതെല്ലാം കണക്കിലെടുത്തുമാത്രമേ ഈ വിഷയം കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. വാഹനപരിശോധനയ്ക്ക് ആധുനിക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോ ചിച്ച് തീരുമാനമെടുക്കുന്നതാണ്.

## (12) കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. സി. ദിവാകരൻ: സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്

പ്രത്യേക സാമ്പത്തിക സഹായം നൽകാനും കേന്ദ്രത്തിൽനിന്ന് ഒരു പ്രത്യേക പാക്കേജ് നേടിയെടുക്കാനും  നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളേയും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും കർഷകർ ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഹെക്ടറോ അതിനുതാഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ പലിശയിനത്തിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ എഴുതിത്തള്ളാൻ തീരുമാനിക്കുകയും അവർക്ക് പലിശരഹിത വായ്പ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹകരണ വാണിജ്യ ബാങ്കുകൾക്ക് നൽകിവരുന്ന ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി ഷെഡ്യൂൾഡ്/വാണിജ്യ ബാങ്കുകൾക്കും ബാധകമാക്കി. ഇതിന്റെ പ്രയോജനം കേരളത്തിലെ കർഷകർക്കും ലഭ്യമാക്കുന്നതാണ്. വരൾച്ചക്കെടുതി അനുഭവിക്കുന്ന കർഷകർക്ക് കൂടുതൽ ആശ്വാസ നടപടികൾ നൽകുന്ന കാര്യം പരിഗണനയിലാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിച്ചു.

## ധനകാര്യം

## 2013–2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. രമേശ് ചെന്നിത്തല: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടുന്നതിനുതകുന്ന ബഡ്ജറ്റാണിത്. അമിതമായ ഇറക്കുമതിയും കയറ്റുമതിയിലുണ്ടായ കുറവും സാമ്പത്തിക വളർച്ചാ നിരക്ക് കുറയാൻ കാരണമായിട്ടുണ്ട്. 2011–12–ൽ ദേശീയ വരുമാനത്തേക്കാൾ കൂടുതൽ വളർച്ചാനിരക്ക് കൈവരിക്കാനും പെർക്യാപിറ്റാ ഇൻകത്തിൽ വർദ്ധനവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്, സാക്ഷരത, ഹെൽത്ത് കെയർ, ലേബർ റൈറ്റ്സ്, ജന്റർ കോൺഷ്യസ്നസ് എന്നിവയുടെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുമ്പിലാണ്. ടെക്നിക്കൽ ആന്റ് മാർക്കറ്റബിൾ സ്കിൽസ്, യൂണിവേഴ്സലൈസേഷൻ ഓഫ് ഹെൽത്ത് കെയർ എന്നിവ നേടാനുള്ള പുതിയ പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കണം. സെക്കന്റ് ജനറേഷൻ റിഫോംസിന്റെ ഫലങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ നേടിയെടുക്കാനും എംപ്ലോയ്മെന്റ് ജനറേഷൻ, എൻവയോൺമെന്റ് ഫ്രണ്ട്ലി ഗ്രോത്ത് എന്നിവയ്ക്ക് മുൻതൂക്കം നൽകാനും ശ്രമിക്കണം. അഫോർഡ

ബിൾ ഹൗസ് കൺസ്ട്രക്ഷൻ, പബ്ലിക് ട്രാൻസ്പോർട്ട് സർവ്വീസസ്, വേസ്റ്റ് മാനേജ്മെന്റ്, അൺഇന്ററപ്റ്റഡ് പവർ സപ്ലൈ എന്നിവയിൽ വരുംകാലത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. കേരളത്തിന്റെ ധനക്കമ്മിയും റവന്യു കമ്മിയും പിടിച്ചുനിർത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 13.5 ശതമാന ത്തിൽനിന്നും 14.5 ശതമാനമായി വാറ്റ് വർദ്ധിപ്പിച്ചതിലൂടെ വരുമാന വർദ്ധ നവിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കമാണ് നടത്തിയിരിക്കുന്നത്. അരി ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളെ നികുതി വിമുക്തമാക്കുകവഴി വിലക്ക യറ്റം ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക ശ്രമം നടത്തിയിരിക്കുന്നത് ശ്ലാഘനീ യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം ചെലവഴിക്കാതെ പോകുന്ന സ്ഥിതി ഗൗരവമായി കാണണം. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി പണം ചെലവഴിക്കാൻ കഴിയാതെ വരുന്നതിന് പരിഹാരമുണ്ടാക്കണം. പബ്ലിക് എക്സ്പെന്റീച്ചർ റിവ്യു കമ്മിറ്റിയുടെ ശുപാർശകൾ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. പൊതു കടം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിഭവ സമാഹരണത്തിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിലപ്പെട്ടതാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ പ്രശംസനീയമാണ്. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ റിപ്പോർട്ടിംഗും ഏർപ്പെടുത്തിയാൽ അഴിമതി കുറയ്ക്കാനും പദ്ധ തിയുടെ സുഗമമമായ നടത്തിപ്പിനും വഴിതെളിക്കും. ഭൂരിപക്ഷം ഫണ്ടും ക്ഷേമപ്രവർത്തനങ്ങൾ, പെൻഷൻ, സബ്സിഡി, ഗ്രാന്റ് എന്നീ ഇനങ്ങളിൽ ചെലവഴിക്കപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുകയും കൂടുതൽ നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തുകയും വേണം.

ഇൻവെസ്റ്റ്മെന്റ്, ടെക്നോളജിക്കൽ അപ്ഗ്രഡേഷൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. സംസ്ഥാനം 9.5 ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചപ്പോൾ അതിന്റെ പ്രയോജനം കുറച്ച് ആളുകളിൽ മാത്രം കേന്ദ്രീകരിക്കപ്പെടാതെ സമൂഹത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് ലഭ്യമാക്കണം. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം. ഇക്വുറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഉണ്ടായാൽ മാത്രമേ വികസനം അർത്ഥപൂർണ്ണമാകുകയുള്ളൂ. സമൂഹത്തിൽ വളർന്നുവരുന്ന സാമൂഹ്യമായ വിപത്തുകൾക്കെതിരെ ശക്തമായ പോരാട്ടം നടത്തണം. പൊതുജീവിതത്തിൽ മാന്യത കാത്തുസൂക്ഷിക്കാനും ജനപ്രതിനിധികൾ എന്ന നിലയിൽ സമൂഹത്തിന് റോൾ മോഡലുകളായി മാറാനും ധാർമ്മികമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുമുള്ള പരിശ്രമം ഉണ്ടാകണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ബഡ്ജറ്റിനെ എതിർക്കുന്നു. സുതാര്യതയില്ലാത്ത ബഡ്ജറ്റാണിത്. പണത്തിന്റെ നീതിപൂർവ്വകമായ വിതരണം ഉണ്ടായിട്ടില്ല. ബഡ്ജറ്റിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന നിർബന്ധബുദ്ധി ധനകാര്യ വകുപ്പിനോ സർക്കാരിനോ കാണുന്നില്ല. വാഗ്ദാനങ്ങളുടെ ഒരു ഘോഷയാത്രയാണ് ഇതിലുള്ളത്. കർഷക ക്ഷേമ നിധിയിൽനിന്ന് അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 100 കോടി രൂപ അനുവദിക്കണം. ആസ്തി വികസന ഫണ്ടിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒരു പരാമർശവും നടത്തിയിട്ടില്ല. കാസർഗോഡ് ജില്ലയുടെ വികസനത്തിനായി നിയോഗിച്ച പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ സബ്ട്രഷറി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാർക്ക് സഹായകരമാകുന്ന ഒട്ടേറെ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മംഗല്യ നിധി പദ്ധതി പാവപ്പെട്ടവർക്കൊരു കൈത്താങ്ങാണ്. ഒരു ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളാനും പലിശരഹിത വായ്പ നൽകാനുമുള്ള തീരുമാനം ഉൾപ്പെടെ ഒട്ടേറെ കർഷകരക്ഷാ പരിപാടികൾ പ്രഖ്യാപിച്ചിട്ടുള്ളതും തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹ മാണ്. എ.പി.എൽ വിഭാഗത്തിലുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഫീസിളവ്, ഓർഫനേജിലെ കുട്ടികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആജീവനാന്ത സംരക്ഷണ ഗൃഹങ്ങൾ, ഗവൺമെന്റ് സ്കൂളുകളുടെ ആധുനികവൽക്കരണം, ആധുനിക ശ്മശാനങ്ങൾ എന്നീ പദ്ധതികൾ ശ്ലാഘനീയമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. കൃഷി ഭൂമിയെ സംരക്ഷിക്കുവാനുള്ള യാതൊരു പ്രഖ്യാപനവും ബഡ്ജറ്റിലില്ല. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് നെൽവയൽ സംരക്ഷിക്കപ്പെടണം. പുതിയ കുടിവെള്ള പദ്ധതികളെക്കുറിച്ച് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടില്ല. പന്തളം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ തുക അനുവദി ക്കണം. ഊർജ്ജ സുരക്ഷയും പരിസ്ഥിതി സുരക്ഷയും പ്രാവർത്തികമാ ക്കാനാവശ്യമായ പദ്ധതികളൊന്നും ബഡ്ജറ്റ് പ്രഖ്യാപനത്തിലില്ല. ആറന്മുള വിമാനത്താവളത്തിനുവേണ്ടി നൂറുകണക്കിന് ഏക്കർ നെൽവയലുകൾ നികത്തി പരിസ്ഥിതിയെ തകർക്കുന്ന നിലപാട് അപലപനീയമാണ്.

കെ.എസ്.ആർ.ടി.സി.ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. സാമൂഹിക ക്ഷേമ പെൻഷനുകൾ 500 രൂപയായി വർദ്ധിപ്പിച്ചതെല്ലാം 1000 രൂപയായും 500 രൂപയ്ക്ക് മുകളിലുള്ളതെല്ലാം 1500 രൂപയായും വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ കുടിശ്ശികയായ 127 കോടി രൂപ അനുവദിക്കണം. ആശാ വർക്കർമാരുടെ പ്രതിഫലം 2000 രൂപയായി വർദ്ധിപ്പിക്കണം. സാക്ഷരതാപ്രേരക്മാർക്ക് നൽകുന്ന തുച്ഛമായ തുക വർദ്ധിപ്പിക്കണം. പന്തളം ടൗൺഷിപ്പാക്കി മാറ്റുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ വളർച്ചാ നിരക്ക് 6.2 ശതമാനമായിരുന്നപ്പോൾ കേരളത്തിന്റെ വളർച്ചാ നിരക്ക് 9.51 ശതമാനമാണ്. മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ഷേമ പെൻഷനുകളും 70 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത 60 വയസ് കഴിഞ്ഞ ബി.പി.എൽ.കാരായ വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് പുതിയതായി 400 രൂപ പെൻഷൻ അനുവദിച്ചു. 2012–13–ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മുൻവർഷത്തെക്കാൾ 20.53 ശതമാനം വളർച്ച കൈവരിച്ചപ്പോൾ റവന്യൂ ചെലവ് 17.8 ശതമാനം മാത്രമാണുള്ളത്. റവന്യൂ കമ്മി 2012–13–ൽ 3406 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞതും നികുതിയേതര തനത് വരുമാനത്തിലുണ്ടായ വർദ്ധനവും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. അനധികൃത ലോട്ടറി കച്ചവടം തടയുന്നതിന് കർശന നടപടി സ്വീകരിച്ചത് പ്രശംസനീയമാണ്.

കാരുണ്യ ലോട്ടറിയിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് അയ്യായിരത്തില ധികം ദരിദ്രരായ രോഗികൾക്ക് ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനവും ചെലവും തമ്മിലുള്ള അനുപാതം പരിശോ ധിച്ചാൽ കടത്തിന്റെ വർദ്ധനവ് നിയന്ത്രണവിധേയമാണെന്ന് കാണാൻ സാധി ക്കും. കുറേ വർഷങ്ങൾക്കുശേഷം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ പ്രകടമായ മാറ്റങ്ങളുണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞു. ചെറുകിട കച്ചവടക്കാരേയും കർഷകരേയും ഒരു പോലെ പരിഗണിക്കുവാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയണം. ചെറുകിട കച്ചവടക്കാർക്കും കെ.എഫ്.സി.യിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തണം. ചെറുകിട കച്ചവടക്കാരുടെ വരുമാന പരിധി അഞ്ച് ലക്ഷം രൂപ എന്നുള്ളത് ഇരുപത്തിയഞ്ചു ലക്ഷം രൂപ യായിട്ടെങ്കിലും ഉയർത്തുന്നതിന് വാറ്റ് നിയമത്തിലെ സെക്ഷൻ 6(1) അമെന്റ് ചെയ്യണം. എയിഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പാറ്റേൺ പുതുക്കാനും നിലവിലുണ്ടായിരുന്ന സ്കാവഞ്ചർ, സ്വീപ്പർ, വാച്ച്മാൻ തസ്തികകൾ പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. മീനച്ചിൽ റിവർവാലി പദ്ധതിക്കുവേണ്ടി വഴിക്കടവിൽ ഡാം കെട്ടി ഇടുക്കിയി ലേയ്ക്ക് തിരിച്ചുവിട്ട വെള്ളം തിരിച്ചുകിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കേരളത്തിന്റെ അഭിമാനമായ ശബരി റെയിൽവേ ഈ വർഷംതന്നെ യാഥാർത്ഥ്യമാക്കാൻ സത്വര നടപടികളുമായി മുന്നോട്ടുപോ കണം. കൺസ്യൂമർ ഫെഡിന് ധനസഹായം നൽകി നിത്യോപയോഗ സാധ നങ്ങളുടെ വിലനിലവാരം പിടിച്ചു നിറുത്താനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തണം.

<u>ശ്രീ. സി.കെ. നാണു</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ആയിരം കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പിലാക്കണം. വിദേശ നാണ്യം നേടിത്തരുന്ന കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനും വരൾച്ചയെ നേരിടുന്നതിനും പ്രത്യേക പദ്ധതികളൊന്നും ബഡ്ജറ്റിലില്ല. മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കണം. സിഗാർ, ചുരുട്ട് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾമൂലമുള്ള കെടുതികളിൽ നിന്നും കേരളത്തെ മോചിപ്പിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിലില്ല. കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. യുവജന ക്ഷേമത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നു മാത്രമല്ല, 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തിയതിലൂടെ യുവജനങ്ങളെ വഞ്ചിച്ചിരിക്കുകയുമാണ്. പാവപ്പെട്ടവരിൽ നിന്നും പരോക്ഷമായി പണം സമാഹരിച്ച് കോർപ്പറേറ്റുകളെ സമ്പന്നരാക്കുന്നതിനുള്ള ഒരു ബഡ്ജറ്റാണിത്. കൊല്ലം ജില്ലയെ ബഡ്ജറ്റിൽ അപ്പാടെ അവഗണിച്ചിരിക്കുകയാണ്. അവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം. ആസ്തി വികസന ഫണ്ട് 10 കോടി രൂപയാക്കി വർദ്ധിപ്പിക്കണം. മഹാകവി ഡി. വിനയചന്ദ്രന്റെ ഭൂമിയിൽ അദ്ദേഹത്തിന്റെ സ്മാരകം നിർമ്മി

ക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കണം. പ്രവാസികളുടെ ക്ഷേമത്തിനായി തുക വകയിരുത്തണം.

ഡോ. കെ.ടി. ജലീൽ: ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത് ധനാഢ്യന്മാരോടും കുബേരന്മാരോടും ആഭിമുഖ്യമുള്ള ബഡ്ജറ്റാണ്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കണം. കെ.എസ്.ആർ.ടി.സി.യുടെ വികസനത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക വളരെ അപര്യാപ്തമാണ്. അവ്യക്തതകൾ നിറഞ്ഞ ഒരു ബഡ്ജറ്റാണ് ഇത്. പ്രവാസി ക്ഷേമപ്രവർത്തനങ്ങൾക്കായി നാമമാത്രമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. സാധാരണക്കാരെയും പാവപ്പെട്ടവരെയും അടിസ്ഥാനപരമായി ബാധിക്കുന്ന ഒരു ബഡ്ജറ്റാണിത്. കുടിവെള്ളം, ഗതാഗതം, വൈദ്യുതി തുടങ്ങിയ മേഖലകളിലെല്ലാം കടുത്ത അവഗണനയാണ് ഉണ്ടായിരിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നൂതനമായ നിർദ്ദശങ്ങൾകൊണ്ടും ദീർഘവീഷണം കൊണ്ടും കേരളത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കുന്ന ബഡ്ജറ്റാണിത്. തൊഴിലന്വേഷകരെ സഹായിക്കാനും കാർഷിക മേഖലയുടെ ഉന്നമനത്തിനും അവശരും ആലംബഹീനരുമായവരെ സഹായിക്കാനുമുതകുന്ന ഒട്ടേറെ പദ്ധതികൾ ഈ ബഡ്ജറ്റിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ഒരു ബഡ്ജറ്റാണിത്. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വിവിധ ക്ഷേമപദ്ധതികളും പെൻഷനുകളും സ്വാഗതാർഹമാണ്. കാർഷികമേഖലയിൽ ഹൈടെക് വളർച്ച കൈവരിക്കുന്നതിനായി ഹരിതമേഖലയായി തെരഞ്ഞെടുക്കുന്നത് ഓരോ നിയോജകമണ്ഡലത്തിലും ഒരു പഞ്ചായത്ത് എന്ന രീതിയിലായിരിക്കണം. കൃഷിക്കാരെ സഹായിക്കുന്ന വിധ

ത്തിലുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളും വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം 30,000 രൂപയാക്കിയതും സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്കായി രൂപീകരിച്ച മംഗല്യനിധി പദ്ധതിയും സ്വാഗതാർഹമാണ്. തൊഴിലുറപ്പു പദ്ധതിയിൽപ്പെട്ടവർക്ക് പെൻഷൻ ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. ആശാ വർക്കർമാരുടെ ഓണറേറിയം 1000 രൂപയായി ഉയർത്തുകയും മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 75 ലക്ഷം രൂപ അനുവദിക്കുകയും ചെയ്യണം. തിരൂർ പുഴയിലെ മാലിന്യം നീക്കുന്നതിന് പദ്ധതി അനുവദിക്കണം. മദ്യത്തിന്റെ നികുതി 125 ശതമാനമായി വർദ്ധിപ്പിക്കണം.

ശ്രീ. വി. ശിവൻകുട്ടി : ബഡ്ജറ്റിനെ എതിർക്കുന്നു. ജനങ്ങളുടെമേൽ അധിക നികുതി അടിച്ചേൽപ്പിച്ചിട്ടുള്ള ഒരു ബഡ്ജറ്റാണിത്. നിത്യോപയോഗ സാധനങ്ങൾക്ക് ഇതുവരെയില്ലാത്തവിധത്തിലുള്ള വിലക്കയറ്റമാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാന ഭരണത്തിൽ കെടുകാര്യസ്ഥതയും കഴിവില്ലായ്മയുമാണ് കാണുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 253 പദ്ധതികളിൽ നാമമാത്രമായവ മാത്രമാണ് നടപ്പിലാക്കിയത്. 150-ലേറെ പദ്ധതികൾക്ക് ഭരണാനുമതിപോലും നൽകിയിട്ടില്ല. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി നീക്കിവച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിച്ചില്ല. തിരുവനന്തപുരം മോണോറെയിൽ പദ്ധതി അനിശ്ചിതത്വത്തിലാണ്. കേരളത്തെ മുന്നോട്ടുനയിക്കാനുതകുന്ന ഒരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയെ തകർച്ചയിൽനിന്നും രക്ഷപ്പെടുത്താനുള്ള ഒരു പാക്കേജും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-ക്കായി

വകയിരുത്തിയിട്ടുള്ള 100 കോടി രൂപ അപര്യാപ്തമാണ്. നികുതി വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. വാറ്റ് നികുതി നിരക്ക് ഉയർത്തിയതുമൂലം ബുദ്ധിമുട്ടനുഭവിക്കാൻ പോകുന്നത് പാവപ്പെട്ട ജനങ്ങളാണ്. തലസ്ഥാന നഗരിയിൽ നിരന്തരമായി പൈപ്പ് പൊട്ടുന്നത് സംബന്ധിച്ച് നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. സമഗ്ര ആരോഗ്യ പദ്ധതിയിൽ ആദിവാസി ജനവിഭാഗത്തിന് പരിഗണന നൽകിയിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതത്തിന്റെ 35 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളു. ആറ്റുകാൽ വികസന പദ്ധതിക്ക് 25 കോടി രൂപ ഉൾപ്പെടുത്താനും ചവർ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖം, കരമന–കളിയിക്കാവിള റോഡ് വികസനം എന്നിവ ആരംഭിക്കണം. ഫണ്ട് അലോക്കേഷനും വർക്ക് അലോക്കേഷനും 140 മണ്ഡലങ്ങൾക്കും ഒരുപോലെ അനുവദിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയ നടപടി അഭിനന്ദനാർഹമാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയ പദ്ധതികളിലൂടെ പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കാനും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അടിത്തറ പാകാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീട്, ഭൂരഹിതർക്ക് ഭൂമി, തൊഴിൽ പദ്ധതികൾ, സാമ്പത്തിക ഉന്നമന പരിപാടികൾ എന്നിവ

നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയ നടപടിയും ശ്ലാഘനീയമാണ്. ബി.പി.എൽ.ആയ 60 വയസ്സ് കഴിഞ്ഞ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ നൽകാനുള്ള പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുകൂടി വരുമാനത്തിന്റെ അടിസ്ഥാന ത്തിൽ പെൻഷൻ നൽകാൻ നടപടിയുണ്ടാകണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ, മോഡൽ അംഗൻവാടി, മാതൃകാ കോളനികൾ തുടങ്ങിയവ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കായംകുളം ഹൈടെക് ലാബ്, അർത്തുങ്കൽ ഷിപ്പിംഗ് ഹാർബർ, ചേർത്തല മുനിസിപ്പൽ ടൗൺ വികസനം തുടങ്ങിയ നിരവധി പദ്ധതികളുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ആസ്തി വികസന ഫണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. വില്ലേജുകളുടെ എണ്ണം, ജനസംഖ്യ, പ്രദേശത്തിന്റെ വിസ്തൃതി എന്നീ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ താലൂക്കുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. ലതിക</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രതിപക്ഷ എം.എൽ.എ. മാരുടെ നിയോജകമണ്ഡലങ്ങളോട് നിഷേധാത്മകമായ സമീപനമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിൽ സ്ത്രീ ശാക്തീകരണത്തിനുള്ള ഒരു പദ്ധതിയും ഉൾപ്പെടുത്തിയിട്ടില്ല. വനിതാ പോലീസുകാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം കഴിഞ്ഞ ബഡ്ജറ്റിലെ വാഗ്ദാനങ്ങളൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യ പങ്കാളിത്തത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കു ന്നത്. കെ.എസ്.ആർ.ടി.സി.യെ തകർക്കുന്നതും കെ.എസ്.ഇ.ബി.യേയും

വാട്ടർ അതോറിറ്റിയേയും സ്വകാര്യ മേഖലയ്ക്ക് അടിയറ വയ്ക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകാൻ പോകുകയാണ്. ഭവനനിർമ്മാണ പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്തണം. ആദിവാസി വിഭാഗങ്ങളെ സംരക്ഷിക്കാനും അവരെ ചൂഷണം ചെയ്യുന്നത് തടയാനും പദ്ധതികൾ രൂപീകരിക്കണം. കർഷകത്തൊഴിലാളി പെൻഷനുൾപ്പെടെയുള്ള പെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിക്കണം. എം.എൽ.എ. ഫണ്ടിനെക്കുറിച്ചും ആസ്തി വികസന ഫണ്ടിനെക്കുറിച്ചും വ്യക്തമാക്കണം.

<u>ശ്രീ. വർക്കല കഹാർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും ആശ്വാസം നൽകുന്ന ബഡ്ജറ്റാണിത്. കാർഷിക മേഖലയുടെ സമഗ്ര മാറ്റത്തിനായി പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ സ്വാഗതാർഹമാണ്. താലൂക്ക് ആസ്ഥാനങ്ങളിൽ തൃപ്തി ന്യായവില ഭക്ഷണശാലകൾ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സുസ്ഥിര തൊഴിൽ വികസന പദ്ധതികൾ, പാവപ്പെട്ട കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വിദ്യാഭ്യാസ വായ്പയിൽ പലിശയിളവ്, മുന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായം, ഓർഫനേജിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ പാവപ്പെട്ടവർക്ക് സാമൂഹ്യ നീതി ഉറപ്പാക്കുന്നവയാണ്. പഞ്ചായത്ത്/മുനിസിപ്പൽ അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിച്ചതും അംഗനവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചതും എടുത്തുപറയേണ്ടവയാണ്. വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മംഗല്യ നിധി രൂപീകരണം എന്നിവ സാമൂഹ്യ സുരക്ഷാ രംഗത്ത് മാതൃകാപരമായ മാറ്റമുണ്ടാകുന്നവയാണ്. ആരോഗ്യ മേഖലയ്ക്ക് ഉണർവേകുന്ന പ്രഖ്യാപനങ്ങൾ ബഡ്ജറ്റിലുണ്ട്. വർക്കല തുരപ്പിന്റെ നവീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

താലൂക്ക് പുന:സംഘടനാ സംവിധാനത്തിൽ വർക്കല താലൂക്കിന് മുന്തിയ പരിഗണന നൽകണം.

ശ്രീ. രാജു എബ്രഹാം: ബഡ്ജറ്റിനെ എതിർക്കുന്നു. പദ്ധതി വിഹിതം ചെലവഴിക്കുന്നതിലും വിലക്കയറ്റം നിയന്ത്രിക്കുന്നതിലും ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം പത്ത് മാസം കൊണ്ട് 52 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം മുഴുവൻ മലപ്പുറം, കോട്ടയം ജില്ല കൾക്കായി നീക്കിവച്ചതും ഫയർ ഫോഴ്സിന്റെ നവീകരണത്തിനായി തുക വകയിരുത്താത്തതും പ്രതിഷേധാർഹമാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഫിർമയുടെ പ്രവർത്തനം സംബന്ധിച്ച് പായൽവാരൽ പദ്ധതിക്ക് 21 കോടി രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടെന്നാണ് നിയമസഭയിൽ വകുപ്പു മന്ത്രി അറിയിച്ചത്. ആ പ്രവൃത്തിക്ക് ആദ്യത്തെ കോൺട്രാക്ടറെ പിരിച്ചുവി ടുകയും റീ ടെണ്ടർ വിളിക്കുകയും ചെയ്തു. 220 രൂപ ക്വാട്ട് ചെയ്ത ബോംബെ ജെ.സി.ബി എർത്ത് റിമൂവേഴ്സ് വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിക്കാതെ ജെ.സി.ബി ഉപയോഗിച്ച് പോള വാരുന്നതുവഴി ക്യുബിക് മീറ്ററിന് ലാഭം ഉൾപ്പെടെ പരമാവധി 50 രൂപയാണ് ചെലവാകുന്നത്. എല്ലാ ചെലവും ലാഭവും കഴിഞ്ഞ് ക്യുബിക് മീറ്ററിന് മുപ്പത് രൂപ ലാഭമിട്ട ശേഷം കമ്പനിയുടെ കൈകളിൽ പതിന ഞ്ചരക്കോടി രൂപ ലഭിക്കുന്നു. ഈ പതിനഞ്ചരക്കോടി രൂപയുടെ അഴിമതി യാണ് ഇവിടെ ഉന്നയിക്കുന്നത്. ഇത് സംബന്ധിച്ച് വിജിലൻസ് എൻക്വയറി നടത്തണം. ഇത് കുട്ടനാട് പാക്കേജിന്റെ വിവിധ പദ്ധതികളിൽ ഒരു പദ്ധ

തിയിൽ വന്നിട്ടുള്ള അഴിമതിയാണ്. അതുകൊണ്ട് കുട്ടനാട് പാക്കേജിനെപ്പറ്റി വളരെ വിപുലമായ രീതിയിലുള്ള അന്വേഷണമുണ്ടാകണം.

ശ്രീ. കെ. അജിത്: ബഡ്ജറ്റിനെ എതിർക്കുന്നു. ജനവിരുദ്ധവും ആവർത്തന വിരസതയുള്ളതുമായ ബഡ്ജറ്റാണിത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്‌ലെറ്റുകളിൽനിന്നും ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സിവിൽ സപ്ലൈസ് വകുപ്പിനും പരമ്പരാഗത വ്യവസായങ്ങൾക്കും ആവശ്യമായ തുക അനുവദിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ന്നമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ആവശ്യമായ തുക വകയിരുത്തുകയും ചെയ്യണം. എം.എൽ.എ.മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന ഫണ്ടിന്റെ കാലാവധി സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കണം. കോവളം കുമരകം, ഫോർട്ട് കൊച്ചി, തേക്കടി എന്നി വിടങ്ങളിൽ അന്താരാഷ്ട്ര ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കണം. പണ്ഡിറ്റ് കറുപ്പന്റെ സ്മരണാർത്ഥം 2012–2013 ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രയോജനപ്പെടുത്തണം. വൈക്കം മുനിസിപ്പാലിറ്റി പാസ്സാക്കിയ റസല്യൂഷൻ അനുസരിച്ച് മഹാത്മാഗാന്ധിയുടെ ഒരു പ്രതിമ സ്ഥാപിക്കണം. ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നൽകാനും അവർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളാനും നടപടിയുണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കണം. ഇവർക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധനസഹായം 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനും ആറ്റു പുറമ്പോക്കുകളിലും മറ്റും താമസിക്കുന്നവർക്ക് പട്ടയം നൽകാനും നടപടിയുണ്ടാകണം.

ശ്രീ. എൻ. ഷംസുദീൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. വിഭവ സമാഹരണത്തിനുവേണ്ടി നികുതികളോ ഫീസുകളോ വർദ്ധിപ്പിച്ചിട്ടില്ല. ആഡംബര വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി മംഗല്യ നിധി രൂപീകരിക്കുന്നതിന് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി സ്വാഗതാർഹമാണ്. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും പ്രബന്ധങ്ങൾക്കും പ്രോത്സാഹനം നൽകുന്ന ബഡ്ജറ്റാണിത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും തൊഴിലുറപ്പ് പദ്ധതി യിലെ തൊഴിലാളികൾക്ക് പെൻഷനും ഓണക്കോടിയും നൽകുന്നതിന് തുക നീക്കിവച്ചതും പ്രശംസനീയമാണ്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഭവാനി ബേസിനിൽ ഒരു ഡാം നിർമ്മിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അഗളിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുമെന്ന പ്രഖ്യാപനം ആശ്വാസകരമാണ്. മണ്ണാർക്കാട് ബൈ പാസ് നിർമ്മിക്കാനും അട്ടപ്പാടിയിലേയ്ക്ക് ഒരു ബദൽ റോഡുണ്ടാക്കാനും നടപടിയുണ്ടാകണം. മോയിൻകുട്ടി വൈദ്യർ അക്കാഡമിക്കുവേണ്ടി 1 കോടി രൂപയെങ്കിലും അനുവദിക്കണം. നിലവിലുള്ള എം.എൽ.എ. ഫണ്ട് ഇരട്ടിയാക്കി വർദ്ധിപ്പിക്കണം.

ശ്രീ. റ്റി.വി. രാജേഷ്: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്ത ബഡ്ജറ്റാണിത്. 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തുന്ന ഭാഗം ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ നിന്ന് വിട്ടുകളഞ്ഞത് മന:പൂർവ്വമാണ്. തൊഴിൽ രഹിതരായവർക്കു

വേണ്ടി ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. നിലവിലുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുകയില്ലെന്ന് പ്രഖ്യാപിക്കണം. ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് ലോണെടുത്തിട്ടുള്ള പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയ്ക്ക് നൽകുന്ന പലിശ ഇളവ് ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്കുകൂടി ബാധകമാക്കണം. കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ക്ഷേത്ര കലാ അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ തുക നീക്കിവയ്ക്കണം. താലൂക്ക് സപ്ലൈ ഓഫീസർമാരുടെ സ്ഥലംമാറ്റം, റേഷൻ ഡിപ്പോകൾ അനുവദിക്കൽ എന്നീ കാര്യങ്ങളിൽ അഴിമതി നടക്കുന്നുണ്ട്. റീട്ടെയിൽ റേഷൻ കടകളിലെത്തുന്ന സർക്കാർ സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങളിൽ മുപ്പത് ശതമാനത്തോളം കരിഞ്ചന്തയിൽ പോകുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കർഷകരിൽനിന്നും സംഭരിക്കുന്ന ഗുണമേന്മയേറിയ നെല്ല് സ്വകാര്യ മില്ലുകൾക്ക് കൊടുത്ത് അരിയാക്കുന്നതിൽ പാലിക്കേണ്ട വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണ്. സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് ഈ നാട്ടിൽ ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. തൃക്കാക്കര സബ് രജിസ്ട്രാർ ഓഫീസിൽ ഒന്നരവർഷംകൊണ്ട് രജിസ്റ്റർ ചെയ്ത 6635 ആധാരങ്ങളിൽ 132 ആധാരങ്ങൾ പരിശോധിച്ചപ്പോൾ 1 കോടി 37 ലക്ഷത്തിന്റെ ക്രമക്കേടാണ് കണ്ടെത്തിയിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് കോഴ കൈപ്പറ്റി സബ് രജിസ്ട്രാർ ദാമോദരനെ സ്വാധീനിച്ച് കൃത്യമ രേഖകൾ ചമച്ച് രജിസ്റ്റർ ചെയ്ത് കൊടുത്തതാണ് കേസിന് ആധാരമായ പരാതി. രജിസ്ട്രേഷൻ ഐ.ജി. 2012-ൽ ഈ രജിസ്ട്രാറെ സസ്പെന്റ്

ചെയ്തു. ഇതേ ഐ.ജി. രഘു, കാസർഗോഡ് അതേ സബ് രജിസ്ട്രാർ ഓഫീസിൽ അഴിമതിക്കാരനായ ഈ ഉദ്യോഗസ്ഥനെ പുന:പ്രതിഷ്ഠിക്കുക യുണ്ടായി. രജിസ്ട്രേഷൻ വകുപ്പിലും സിവിൽ സപ്ലൈസ് വകുപ്പിലുമുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ നടപടിയുണ്ടാകണം. വിലക്കയറ്റം പിടി ച്ചുനിർത്താൻ കേന്ദ്ര സർക്കാർ പ്രത്യേകമായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലെ മാനദണ്ഡം വ്യക്തമാക്കണം.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസന കാര്യത്തിൽ ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയ ബഡ്ജറ്റാണിത്. കാർഷിക മേഖലയുടെ നവീകരണത്തിനും വളർച്ചയ്ക്കും മുന്തിയ പരിഗണന നൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. പലിശ രഹിത വായ്പ, റിസ്ക് ഇൻഷ്വറൻസ് തുടങ്ങിയ കർഷകരക്ഷാ നടപടികൾ ശ്ലാഘ നീയമാണ്. സൗരോർജ്ജം, മഴവെള്ള സംഭരണം, ഉറവിട മാലിന്യസംസ്ക്ക രണം, ഹൈടെക് ജൈവകൃഷി, നെൽകൃഷി വികസനം പച്ചക്കറികൃഷി വികസനം എന്നിവയ്ക്കായി സ്വീകരിച്ചിരിക്കുന്ന നടപടികളും ശ്രദ്ധേയമാ ണ്. ഊർജ്ജം, നിർമ്മാണം എന്നീ മേഖലകളിൽ പരിസ്ഥിതി സൗഹൃദ പദ്ധ തികൾ കൂടുതലായി നടപ്പാക്കണം. പദ്ധതി രൂപകൽപ്പനയിലും നടത്തിപ്പി ലും കാലവിളംബം ഒഴിവാക്കാനും പദ്ധതി നിർവ്വഹണത്തിന് പുതിയ ദിശോ ബോധം നൽകാനുമുള്ള മോണിറ്ററിംഗ് കമ്മിറ്റി സംബന്ധിച്ച പ്രഖ്യാപനം നൂതനവും ശ്രദ്ധേയവുമാണ്. സംസ്ഥാന നദികളുടെ സംരക്ഷണത്തിനായി സ്റ്റാറ്റ്യൂട്ടറി പദവിയുള്ള റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് തുക വകയിരുത്തണം. നെൽവയൽ പരിരക്ഷാ സഹായ പദ്ധതി പ്രഖ്യാപിച്ച് വരൾച്ചയെ നേരിടാൻ തയ്യാറാകണം. നെൽവയലുകളുടെയും തണ്ണീർത്തടങ്ങ

ളുടെയും ഉപഗ്രഹചിത്രം തയ്യാറാക്കി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് 8 കോടി രൂപ അനുവദിക്കണം. സർക്കാർ ഭൂമിയിൽനിന്നും കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കുന്നവരുടെ ലാഭവിഹിതത്തിന്റെ നിശ്ചിത ശതമാനം തുക ഹരിത ധനശേഖരണം എന്ന പേരിൽ ഈടാക്കണം. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് പിൻവലിച്ച നടപടി പുന:പരിശോധിക്കണം. സർക്കാർ/സ്വകാര്യ മേഖലകളിലെ ഏകവിള തോട്ടങ്ങളെ ബഹുവിളതോട്ടങ്ങളാക്കി മാറ്റി സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയും ജലസുരക്ഷയും ഉറപ്പു വരുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുതകുന്ന ജൈവ വൈവിധ്യ ഫണ്ട് രൂപീകരിക്കണം. സർക്കാർ വക റവന്യൂ ഭൂമിയിലെ പാറ പാട്ടത്തിനെടുത്ത് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്നവരിൽനിന്നും നിശ്ചിത ശതമാനം തുക ഈടാക്കി പരിസ്ഥിതി പുനരുജ്ജീവന നിധി രൂപീകരിക്കാനും കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായം പരിഷ്ക്കരിച്ച് കൂടുതൽ നികുതി ശേഖരിച്ച് പശ്ചിമഘട്ട രക്ഷാ ഫണ്ട് രൂപീകരിക്കാനും തയ്യാറാകണം. മത്സ്യത്തൊഴിലാളി പെൻഷൻ തുക 700 രൂപയായി വർദ്ധിപ്പിക്കണം. നികുതി ഘടനയിൽ ശാസ്ത്രീയമായ പരിഷ്ക്കാരമുണ്ടാക്കണം കെ.എസ്.ആർ.ടി.സി.യേയും കെ.എസ്.ഇ.ബി.യേയും സംരക്ഷിക്കാൻ ശാസ്ത്രീയ ഇടപെടലുണ്ടാകണം. സംസ്ഥാനത്ത് ഒരു ട്രാൻസ്പോർട്ട് നയം ആവിഷ്ക്കരിക്കണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കൂട്ടുത്തരവാദിത്തമോ, ദീർഘവീക്ഷണമോ ഇല്ലാത്തതും സർക്കാരിന്റെ ദർശനം, ആസൂത്രണ മികവ്, അടിസ്ഥാന പ്രശ്നങ്ങൾ മുതലായവയൊന്നും പ്രകടമാക്കാത്തതുമായ ഒരു ബഡ്ജറ്റാണിത്. കേരളം അഭിമുഖീകരിക്കുന്ന

വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നീക്കിവച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ബഡ്ജറ്റിൽ വൈദ്യുതി മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്താത്ത നടപടി പ്രതിഷേധാർഹമാണ്. കേന്ദ്ര ഗവൺമെന്റ് സബ്സിഡി വൻതോതിൽ വെട്ടിക്കുറച്ചതിന്റെ ഫലമായി വിലക്കയറ്റം രൂക്ഷമായിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന സമീപനം സ്വീകരിക്കുകയും അഴിമതി നടത്തുകയും ചെയ്യുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതായി കൃത്രിമ രേഖ ചമച്ച് സ്വകാര്യ മാർക്കറ്റിലേയ്ക്ക് നൽകുന്ന നടപടിയും കണ്ടുവരുന്നുണ്ട്. വിലക്കയറ്റം തടയുന്നതിന് തത്വദീക്ഷപരമായ നിലപാടുകൾ സ്വീകരിക്കാതെ അടിസ്ഥാന പ്രശ്നങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെയും മറുനാടൻ തൊഴിലാളികളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലില്ല. മലപ്പുറം ജില്ലയിലെ പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചുള്ള ബഡ്ജറ്റാണിത്. മലപ്പുറത്ത് വ്യാവസായിക വികസനത്തിനായി ഇൻകെൽ വാങ്ങിയ ഭൂമി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പാട്ടത്തിനു നൽകുന്ന നടപടി അപലപനീയമാണ്. മാലിന്യ സംസ്ക്കരണ പദ്ധതി, മഴവെള്ള സംഭരണം, സാമൂഹ്യ വനവൽക്കരണം, ജലവിഭവ മാനേജ്മെന്റ് തുടങ്ങിയവയ്ക്ക് ദീർഘവീക്ഷണത്തോടുകൂടിയ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. പരിസ്ഥിതി ഐക്യവേദി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

## വ്യക്തിപരമായ വിശദീകരണം

1. കുട്ടനാട്ടിലെ ജലാശയത്തിൽനിന്ന് പോള വാരുന്നതുമായി ബന്ധപ്പെട്ട ആരോപണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കുട്ടനാട് പാക്കേജിന്റെ ഭാഗമായി 21.29 കോടി രൂപയുടെ 11 കമ്പോണന്റ്സുള്ള പദ്ധതി ഫിഷറീസ് വകുപ്പിന് കീഴിലുള്ള FIRMA ആണ് നടപ്പിലാക്കുന്നത്. ജലാശയങ്ങളിൽനിന്നും പോള വാരുന്നതിന് ടെൻഡർ നൽകിയത് 20-04-2010-ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. കരാർ ഒപ്പിട്ടിരിക്കുന്നത് ഈ കരാറെടുത്ത ഫേമിന്റെ പേരിലല്ലെന്നുമാത്രമല്ല, ലഭിച്ച ടെൻഡറുകളിൽ രണ്ടെണ്ണം സാങ്കേതിക കാരണം പറഞ്ഞ് പൊട്ടിച്ചു നോക്കാതെയാണ് വർക്ക് അവാർഡ് ചെയ്തത്. ഒരു ക്യുബിക് മീറ്റർ പോള വാരി കരയിൽ വയ്ക്കുന്നതിന് 485 രൂപ എന്ന നിരക്കിൽ 12 മാസത്തേയ്ക്കാണ് ടെൻഡർ നൽകിയത്. പദ്ധതി നടത്തിപ്പ് സുതാര്യമല്ലെന്ന് ഫിഷറീസ് സെക്രട്ടറിയും നിലവിലുള്ള സമ്പ്രദായം തൃപ്തികരമല്ലെന്ന് ചീഫ് സെക്രട്ടറിയും വർക്ക് അടിയന്തിരമായി റീ-ടെൻഡർ ചെയ്യണമെന്ന് ഫിഷറീസ് വകുപ്പുമന്ത്രിയും ഫയലിൽ രേഖപ്പെടുത്തുകയും പദ്ധതി നടത്തിപ്പിലെ സുതാര്യതക്കുറവ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഉത്തരവ് നൽകുകയും ചെയ്തിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് 6.84 കോടി രൂപ പേമെന്റ് നടത്തിയിട്ടുള്ളത്. പഴയ കരാർ അനുസരിച്ച് പോള വാരൽ

പ്രവൃത്തി തുടർന്നുവന്നിരുന്നതിനാലും ടെൻഡർ എഗ്രിമെന്റിൽ വ്യക്തത ഇല്ലാത്തതിനാലും പോള വാരുന്നതിന് നൽകിവരുന്ന തുക താരതമ്യേന ഉയർന്ന നിരക്കിലായതിനാലും ടെൻഡർ ഉറപ്പിച്ചതിൽ സാങ്കേതിക പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിനാലും പ്രസ്തുത ടെൻഡർ അവസാനിപ്പിക്കുന്നതിനും പുതിയ ടെൻഡർ ക്ഷണിക്കുന്നതിനും ഈ ഗവൺമെന്റ് തീരുമാനിക്കുകയും പുതിയ ടെൻഡറിൽ സുതാര്യമായ വ്യവ സ്ഥകൾ ഉൾപ്പെടുത്തുകയും ചെയ്തു. കുട്ടനാട്ടിലെ പൊതു ജലാശയങ്ങളെ പൂർണ്ണമായും പോള വിമുക്തമാക്കി നിലനിറുത്തുകയെന്നതും പോളയുടെ അളവിലുണ്ടാകുന്ന ബയോമാസ്സ് കുറവ് വിലയിരുത്തി മാത്രമേ കരാറുകാരന് തുക നൽകുകയുള്ളുവെന്നതുമാണ് പ്രധാന വ്യവസ്ഥകൾ. കുട്ടനാട്ടിലെ പൊതുജലാശയങ്ങളിലെ പോള നൂറ് ശതമാനവും നിർമ്മാർജ്ജനം ചെയ്യുന്ന തിന് ഒരു ക്യൂബിക് മീറ്ററിന് 220 രൂപ എന്ന കുറവ് തുക ക്വാട്ട് ചെയ്ത ബോംബെ ജെ.സി.ബി. എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പോള വാരൽ ജോലി കോട്ടയം ജില്ലയിലെ തിരുവാർപ്പിലും ആലപ്പുഴ ജില്ലയിലെ രാമങ്കരിയിലും ആരംഭിക്കുകയും പോള വാരൽ ജോലിയുടെ കാര്യക്ഷമതകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി അന്തിമ കരാർ ഒപ്പിടുന്നതുമാണ്. മേൽ സാഹചര്യത്തിൽ 15 കോടി രൂപയുടെ അഴിമതി നടന്നുവെന്ന വാദം അംഗീകരിക്കാൻ കഴിയില്ലെന്നു മാത്രമല്ല അത് അടിസ്ഥാനരഹിതവുമാണ്. പുതിയ ടെണ്ടർ ക്ഷണിച്ചതിനെതിരെ പഴയ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ

ചെയ്തെങ്കിലും സർക്കാരിന് അനുകൂലമായിട്ടാണ് വിധിയുണ്ടായത്. ഇപ്പോൾ കാണപ്പെടുന്ന കടകൽ എന്ന പായൽ ജെ.സി.ബി ഉപയോഗിച്ച് മാത്രമേ നീക്കം ചെയ്യാൻ സാധിക്കുകയുള്ളു. അന്തിമക്കരാർ ഒപ്പിടുമ്പോൾ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതാണ്. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ സഭയിൽ സമർപ്പിക്കുന്നതാണ്. .

**റൂളിംഗ്**

Mr. Speaker: A member has to be careful while making an allegation. He has to satisfy himself that the source is reliable and allegation is based on facts. In effect, he is required to make prima facie investigation into the matter before he writes to the Speaker or the Minister and more so before he speaks in the House.

**2. സിവിൽസപ്ലൈസ് രജിസ്ട്രേഷൻ വകുപ്പുകളിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ശ്രീ. റ്റി.വി. രാജേഷ് എഴുതിത്തന്നതും ഉന്നയിച്ചതുമായിട്ടുള്ള എല്ലാ ആരോപണങ്ങളും നിഷേധിക്കുകയാണ്. പൊതുവിതരണവുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രതിസന്ധികളുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കാലാകാലങ്ങളായി പൊതുവിതരണ സമ്പ്രദായത്തിൽ പല അപാകതകളും കടന്നുകൂടിയിട്ടുണ്ട്. അതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുവേണ്ട നടപടികളുമായി

മുന്നോട്ടുപോവുകയാണ്. പള്ളിക്കൽ അഗ്രോ മിൽസിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ മോശം അരി കണ്ടെത്തിയതിനെ തുടർന്ന് ഇ–ടെണ്ടർ മുഖാന്തിരം കൂടിയ റേറ്റ് ഈടാക്കിയാണ് അവർക്ക് അരി തിരിച്ചുകൊടുത്തത്. സപ്ലൈകോ ഈ മില്ലുമായിട്ടുള്ള എല്ലാ ഇടപാടുകളും നിർത്തലാക്കിയിരിക്കുകയാണ്. ഇത് അന്വേഷിച്ച റീജിയണൽ മാനേജരെ സ്ഥലം മാറ്റിയത് അവരുടെ അപേക്ഷ പ്രകാരമാണ്. കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് കൃത്യമായി സപ്ലൈകോ വഴി പൊതുവിതരണത്തിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ ഇൻസ്പെക്ഷൻ ടീമുകളെ നിയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.കോട്ടയം ജില്ലാ സപ്ലൈ ആഫീസറെ ചില പ്രശ്നങ്ങളെത്തുടർന്ന് സ്ഥലം മാറ്റുകയും പ്രൊമോഷൻ തടഞ്ഞുവച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്. അന്വേഷണ റിപ്പോർട്ട് കിട്ടിയ ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യുകയും അതിനു ശേഷം അവരെ സസ്പെന്റ് ചെയ്തതിന്റെ പേരിൽ അന്നത്തെ ഐ.ജി ശ്രീ. വിവേകാനന്ദനെ മാറ്റി എന്നുള്ളതായിരുന്നു ആരോപണം. ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ 07–04–2012–ൽ സസ്പെന്റ് ചെയ്ത അതേ ഐ.ജി തന്നെയാണ് 12–06–2012–ൽ അവരെ തിരിച്ച് ഡിപ്പാർട്ടുമെന്റിൽ റീ–ഇൻസ്റ്റേറ്റ് ചെയ്തതും. ഈ ഐ.ജി.യെ മാറ്റി പുതിയ ഐ.ജി.യെ നിയമിച്ച് ഈ ഉദ്യോഗസ്ഥയെ തിരിച്ചെടുത്തു എന്നുപറയുന്നത് നീതിക്ക് നിരക്കുന്ന കാര്യങ്ങളല്ല. അതിനോടൊപ്പംതന്നെ ശ്രീമതി ശ്രീകല, സബ് രജിസ്ട്രാർ ദാമോദരനുൾപ്പെടെയുള്ളവരെക്കുറിച്ചൊക്കെ ഡിപ്പാർട്ടുമെന്റുതലത്തിൽ

അന്വേഷണം നടക്കുന്നുണ്ട്. ഇവിടെ പറഞ്ഞ വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുമ്പോൾ അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിൽ ആരേയും സംരക്ഷിക്കുന്ന യാതൊരു നില പാടും എടുത്തിട്ടില്ല. 28-02-2013-ൽ 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ ചട്ടം (15) പ്രകാരം കോഴിക്കോട് ഉത്തര മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഐ.ജി ശ്രീ. പി. ചന്ദ്രനെ എൻക്വയറി ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. രജിസ്ട്രേഷൻ ഐ.ജി.യുടെ സ്ഥാനമാറ്റ ത്തെകുറിച്ചുള്ളതാണ് രണ്ടാമത്തെ ആരോപണം. ആക്ഷേപങ്ങൾ ഉന്നയിക്ക പ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷണങ്ങൾ നടക്കുന്നുണ്ട്. അന്വേ ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ നടപടികൾ സ്വീകരിക്കും. മറ്റൊരു കാര്യംകൂടി പറയാനുള്ളത് വഴിവിട്ട ഇടപാടു കളിലൂടെ മന്ത്രി 27 കോടി രൂപയുടെ അഴിമതി നടത്തിയിരിക്കുന്നുവെന്നാണ് ശ്രീ. റ്റി.വി രാജേഷ് ഉന്നയിച്ചിരിക്കുന്നത്. അഴിമതി ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ പൊതു പ്രവർത്തനം ഞാൻ അവസാനിപ്പിക്കാം.

(ജുഡീഷ്യൽ എൻക്വയറിക്ക് തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിക്കുകയും ചെയ്തു.)

സഭ വൈകുന്നേരം 5.20-ന് പിരിഞ്ഞു.

-----